ചെയ്യുന്നതിന് ആലപ്പുഴ ജില്ലാ കളക്ടർ നിർദ്ദേശം വച്ചെങ്കിലും പ്രസ്തുത ഭൂമി ചെളി നിറഞ്ഞതും, വെള്ളക്കെട്ടുള്ളതുമായതിനാൽ സർവ്വെ നടപടികൾ പൂർത്തീകരിക്കാൻ സാധിച്ചില്ല. മാത്രമല്ല ഇത്രയും സ്ഥലം ഏറ്റെടുക്കുന്നതിനുള്ള ഫണ്ട് ആലപ്പുഴ ജില്ലാ കളക്ടറുടെ കൈവശം ഇല്ല. മതിയായ ഫണ്ട് അനുവദിക്കുന്നതിനുള്ള നടപടികൾ കൈക്കൊണ്ടുവരികയാണ്.

(ബി) പദ്ധതി നടപ്പിലാക്കുന്നതിന് വേണ്ട ഭൂമി ഏറ്റെടുക്കുന്നതിന് ആവശ്യമായ ഫണ്ട് ആലപ്പുഴ ജില്ലാ കളക്ടർക്ക് ലഭ്യമാക്കുന്നതിന് വേണ്ട നടപടികൾ എടുക്കുന്നുണ്ട്.

ലോകായുക്ത മുൻപാകെ വനം വകുപ്പിലെ ഉദ്യോഗസ്ഥൻമാരുടെ പേരിലുള്ള കേസുകൾ

116 [1127] ശ്രീ. കോടിയേരി ബാലകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1999-2000, 2000-2001, 2002-2003 കാലയളവുകളിൽ വനംവകുപ്പിലെ എത്ര ഉദ്യോഗസ്ഥൻമാരുടെ പേരിൽ കേരള ലോകായുക്തയിൽ കേസ് ഫയൽ ചെയ്തിട്ടുണ്ട്; ഈ ഉദ്യോഗസ്ഥർ ആരൊക്കെയെന്നും എന്ത് കാരണങ്ങളാലാണ് ഇവരുടെ പേരിൽ കേസ് ചാർജ്ജ് ചെയ്തിട്ടുള്ളതെന്നും വ്യക്തമാക്കുമോ;

(ബി) ഇവരിൽ ആരുടെയെല്ലാം പേരിൽ ശിക്ഷണ നടപടികൾ കൈക്കൊള്ളുവാൻ ലോകായുക്ത നിർദ്ദേശം നൽകിയിട്ടുണ്ടെന്നതിന്റെ വിശദവിവരം ലഭ്യമാക്കുമോ;

(സി) ഇതിൻപ്രകാരം ഇവരുടെ പേരിൽ എന്തൊക്കെ ശിക്ഷണ നടപടികൾ സ്വീകരിച്ചുവെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) 1999-2000, 2000-2001, 2002-2003 കാലയളവിൽ വനംവകുപ്പിലെ 25 ഉദ്യോഗസ്ഥൻമാരുടെ പേരിൽ ലോകായുക്തയിൽ കേസ് ഫയൽ ചെയ്തിട്ടുണ്ട്. ഇവരുടെ പേരും കേസ് ഫയൽ ചെയ്ത കാരണങ്ങളും അനുബന്ധമായി ചേർത്തിട്ടുണ്ട്.†

(ബി) സർവ്വശ്രീ കെ. വിശ്വനാഥൻ, കെ. എ. മുഹമ്മദ് ബഷീർ, റാം മോഹൻ എന്നിവരിൽനിന്നും മൊത്തത്തിൽ 5,000 രൂപ ഈടാക്കുവാനും വകുപ്പുതല ശിക്ഷണ നടപടി സ്വീകരിക്കുവാനും ലോകായുക്ത ഉത്തരവായിട്ടുണ്ട്.

(സി) ഇവരുടെ പേരിൽ വകുപ്പുതല ശിക്ഷണ നടപടികൾ സ്വീകരിച്ചുവരുന്നതിന്റെ ഭാഗമായി ടിയാൻമാർക്ക് കുറ്റപത്രവും കുറ്റാരോപണപത്രികയും നൽകിയിട്ടുണ്ട്.

† ലൈബ്രറിയിൽവച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly